# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2924

20.12.2012 ൽ മറുപടിയ്ക്ക്

## അംഗീകാരം നൽകിയ സ്ക്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇപ്രകാരം അംഗീകാരം നൽകിയ സ്ക്കൂളുകളുടെ പട്ടിക ലഭ്യമാക്കുമോ; | (എ) & (ബി)<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്.<br>1) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ പഞ്ചായത്ത് യു.പി. സ്ക്കൂളിൽ പ്രവർത്തിച്ചുവരുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് എൽ.പി. വിഭാഗത്തിന് കോട്ടൂർ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയും ആദിവാസികളുടെ വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് 25.07.2012 ലെ സ.ഉ. (കൈയ്യെഴുത്ത്) 242/2012/ പൊ.വി.വ നം. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br>2) കൊല്ലം ജില്ലയിലെ തേവലക്കര തെക്കൻ ഗുരുവായൂർ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിന് 1949/2009 നമ്പർ റിട്ട് അപ്പീലിൽ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 18.01.2012 - ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 14.8.2012 - ലെ സ.ഉ. (സാധാ.) 3940/12/ പൊ.വി.വ. നം. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |

3) പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബഥനി ഇംഗ്ലീഷ് മീഡിയം യു.പി. സ്ക്കൂളിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 18.08.10 ലെ W.A. നമ്പർ 896/2010 കേസിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 09.06.2011 - ലെ സ.ഉ. (സാധാ) 2181/11/ പൊ.വി.വ. നം. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

4) മലപ്പുറം ജില്ലയിലെ എം.വി.എം. റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂളിലെ എൽ.പി., എച്ച്.എസ്. വിഭാഗങ്ങൾക്ക് അംഗീകാരമുള്ളതിനാൽ പ്രസ്തുത സ്ക്കൂളിലെ യു.പി. വിഭാഗത്തിന് 21.5.2012 - ലെ സ.ഉ. (സാധാ) 2341/2012/പൊ.വി.വ. നമ്പർ ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കെ.ഇ.ആർ. പ്രകാരം നിലവിലുള്ള സർക്കാർ എയ്ഡഡ് അംഗീകൃത സ്കൂളുകൾ തമ്മിലുള്ള ദൂര പരിധി പരിഗണിച്ചാണോ ഈ സ്കൂളുകൾക്ക് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള സ്കൂളുകളെ ഈ നടപടി ഒരുതരത്തിലും ബാധിക്കുകയില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>(സി) & (ഡി)</u>

മേൽപ്പറഞ്ഞ സ്ക്കൂളുകളിൽ കൊല്ലം ജില്ലയിലെ തേവലക്കര തെക്കൻ ഗുരുവായൂർ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിനും അട്ടപ്പാടി ബഥനി ഇംഗ്ലീഷ് മീഡിയം സ്ക്കൂളിനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം നൽകിയത്. തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ പഞ്ചായത്ത് യു.പി. സ്ക്കൂളിൽ പ്രവർത്തിച്ചു വരുന്ന എൽ.പി. വിഭാഗത്തിന് ആദിവാസികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ പരിഗണിച്ചും പ്രദേശത്തിന്റെ പിന്നാക്കാവസ്ഥ പരിഗണിച്ചുമാണ് അംഗീകാരം നൽകിയത്. മലപ്പുറം ജില്ലയിലെ എം.വി.എം. റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂളിൽ എൽ.പി.,എച്ച്.എസ്. വിഭാഗങ്ങൾക്ക് അംഗീകാരമുണ്ടെങ്കിലും യു.പി. വിഭാഗം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിലാണ് പ്രസ്തുത സ്ക്കൂളിലെ യു.പി.

വിഭാഗത്തിന് അംഗീകാരം നൽകിയത്. കോടതി വിധി പ്രകാരം നൽകിയ അംഗീകാരത്തിന്റെ കാര്യത്തിൽ നിലവിലുള്ള സ്ക്കൂളുകളുടെ പ്രവർത്തനത്തെ ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടില്ല. മറ്റ് രണ്ട് സ്ക്കൂളുകളുടെ കാര്യത്തിൽ സർക്കാർ നൽകിയ അംഗീകാരം നിലവിലുള്ള സ്ക്കൂളുകളെ ബാധിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

Sd/

സെക്ഷൻ ഓഫീസർ